(എ) സംസ്ഥാനത്തെ എത്ര ത്രിതല പഞ്ചായത്തുകളിലും നഗരപാലികാ സ്ഥാപനങ്ങളിലും 1997-98, 98-99 എന്നീ വർഷങ്ങളിൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്;

(ബി) ബാക്കി പഞ്ചായത്തുകളിൽ എന്നത്തേയ്ക്ക് ഓഡിറ്റ് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓഡിറ്റ് പൂർത്തിയാക്കിയ സ്ഥാപനങ്ങളുടെ വിശദവിവരം താഴെ ചേർക്കുന്നു.

വർഷം	തദ്ദേശഭരണസ്ഥാപനം	ഓഡിറ്റ് നടത്തിയതിന്റെ എണ്ണം
1997-98	ഗ്രാമപഞ്ചായത്ത്	374
	ബ്ലോക്ക് പഞ്ചായത്ത്	79
	ജില്ലാ പഞ്ചായത്ത്	4
	മുനിസിപ്പാലിറ്റി	3

ആഡിറ്റ് നടത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ വിശദവിവരം താഴെ ചേർക്കുന്നു.

വർഷം	തദ്ദേശഭരണസ്ഥാപനം	ആഡിറ്റ് നടത്തിയതിന്റെ എണ്ണം
1998-99	ഗ്രാമപഞ്ചായത്ത്	66
	ബ്ലോക്ക് പഞ്ചായത്ത്	18
	ജില്ലാ പഞ്ചായത്ത്	1

(ബി) ശേഷിക്കുന്ന പഞ്ചായത്തുകളുടെ ആഡിറ്റ് കഴിവതും വേഗം പൂർത്തിയാക്കുന്നതാണ്.

'പെർഫോമൻസ് ആഡിറ്റ് അതോറിറ്റി'

85 (1446) ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മൊയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ പെർഫോമൻസ് ആഡിറ്റ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ ഉദ്ദേശം എന്തൊക്കെയാണ്;

(സി) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് ഇതുവരെയും സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഓഡിറ്റിൽ എന്തെങ്കിലും ക്രമക്കേട് നടത്തിയിരുന്നോ എന്നറിയിക്കുമോ;

(ഇ) എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രൂപീകരിച്ചിട്ടുണ്ട്.

(ബി) പെർഫോമൻസ് ആഡിറ്റ് ടീമുകളുടേയും മേഖലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർമാരുടേയും പ്രവർത്തനം നിരീക്ഷിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും, റിപ്പോർട്ടുകൾ വാങ്ങി പരിശോധിക്കുകയുമാണ് പെർഫോമൻസ് അതോറിറ്റിയുടെ ഉദ്ദേശങ്ങൾ.

(സി)-(ഇ) തദ്ദേശ സ്വയംഭരണ സെക്രട്ടറിയുടെ കീഴിൽ 4 അസിസ്റ്റന്റുമാരും, ഒരു സെക്ഷൻ ഓഫീസറും ഒരു അണ്ടർ സെക്രട്ടറിയും അടങ്ങുന്ന ഓഡിറ്റ് ടീം സെക്രട്ടേറിയറ്റിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ പെർഫോമൻസ് ഓഡിറ്റ് ടീമുകളും നൽകിയിട്ടുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ പരിശോധിക്കുകയും അപാകതകൾ പരിഹരിക്കുവാൻ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. കൂടാതെ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറലിന്റെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ സംസ്ഥാന പെർഫോമൻസ് ഓഡിറ്റ് ഓഫീസറായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓഡിറ്റിൽ എന്തെങ്കിലും ക്രമക്കേട് നടത്തിയതായി ഇതുവരെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പെർഫോമൻസ് ഓഡിറ്റ്

86 (1447) ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ജനകീയാസൂത്രണ പദ്ധതി ആരംഭിച്ച ശേഷം എത്ര സ്ഥാപനങ്ങളിൽ പെർഫോമൻസ് ഓഡിറ്റ് നടത്തിയിട്ടുണ്ട്. അവ ഏതെല്ലാം;

(ബി) ജനകീയാസൂത്രണ പദ്ധതിയിൽ കൃത്രിമം നടന്നുവെന്ന് ആഡിറ്റ് വഴിയോ, അല്ലാതെയോ സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ ഇതുവരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പദ്ധതി വിഹിതം പൂർണ്ണമായി ചെലവഴിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

ഉത്തരം

(എ) സംസ്ഥാനത്തെ മിക്കവാറും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരു തവണ പെർഫോർമൻസ് ആഡിറ്റ് നടത്തി കഴിഞ്ഞു. ഇതു സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭിച്ചുകൊണ്ടിരിക്കുന്നതേയുള്ളൂ.

(ബി) ഉണ്ട്. കൃത്രിമം നടന്നുവെന്ന് റിപ്പോർട്ട് ചെയ്ത കേസ്സുകളിൽ ബന്ധപ്പെട്ടവരുടെ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. വിശദീകരണം ലഭ്യമാകുന്ന മുറയ്ക്ക് അവ പരിശോധിച്ച് നടപടി സ്വീകരിക്കുന്നുണ്ട്.

(സി) ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly